വർത്തമാനം

Mathrubhumi dt:20-02-2021
P. 2

മരച്ചീനിയിൽ പുതിയ രോഗം

എരിതീയിൽ കർഷകർ

ആദ്യം ഇലകളിൽ മഞ്ഞളിപ്പ്

നാലുമാസം കഴിയുമ്പോൾ അഴുകി ത്തുടങ്ങുന്നു

വെങ്ങാനൂർ ഏലായിലെ കർഷകർ തീരാദുരിതത്തിൽ

സുധീഷ് മോഹൻ
ബാലരാമപുരം

▸ മരച്ചീനിക്കൃഷിയിൽ അടുത്ത കാലത്ത് കണ്ടുവരുന്ന അഴുകൽ രോഗം വെങ്ങാനൂർ ഏലായിലെ കർഷകരെ ദുരിതത്തിലാക്കുന്നു. ഏക്കറുകണക്കിനു വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഭഗവതിനട വെങ്ങാനൂർ ഏലാപ്രദേശത്ത് കർഷകരുടെ പ്രധാന കൃഷി മരിച്ചീനിയാണ്. വാഴ, പച്ചക്കറികൃഷി കൾ കുറവാണ്.

കഴിഞ്ഞ ഒൻപത് മാസത്തിനിടെയാണ് ദുരിതകാലം തുടങ്ങിയത്. മരിച്ചീനിയുടെ ഇലകളിൽ ആദ്യം മഞ്ഞളിപ്പ് തുടങ്ങി. ക്രമേണ ഇലകൾ വാടിക്കൊഴിഞ്ഞു. വിളവെടുത്തപ്പോൾ എല്ലാം അഴുകിയനിലയിലായിരുന്നു. മൂട്ടിൽനിന്നു കിഴങ്ങ് അഴുകി ഒടിഞ്ഞുവീഴുകയും ചെയ്യുന്നുണ്ട്.

ആവശ്യക്കാർക്ക് മരിച്ചീനിക്കമ്പും ഇലകളും നൽകാൻപോലും കഴിയാത്ത സ്ഥിതിയാണെന്ന് കർഷകർ പറയുന്നു. കർഷകർ പള്ളിച്ചൽ കൃഷിഭവനുമായി ബന്ധപ്പെട്ടതിനെത്തുടർന്ന് ടിൽറ്റ് എന്ന മരുന്ന് സ്പ്രേ ചെയ്തു. പുതുതായി നട്ടുപിടിപ്പിക്കുന്ന കമ്പുകളിൽ ഈ മരുന്ന് തേച്ച് നട്ടുപിടിപ്പിക്കുകയും ചെയ്തു.

എന്നാൽ, ഇത് ഫലം കണ്ടില്ലെന്നാണ് കർഷകർ പറയുന്നത്. ഇങ്ങനെ നട്ടുപിടിപ്പിച്ച വയിൽ നാലുമാസം കഴിഞ്ഞപ്പോൾ തന്നെ ഇലകളിൽ മഞ്ഞളിപ്പു കണ്ടുതുടങ്ങിയതായി കർഷകർ പറയുന്നു.

കടബാധ്യതയിൽ കർഷകർ

വെങ്ങാനൂർ ഏലാപ്രദേശത്തെ ഏക്കറുകണക്കിനു വരുന്ന ഭൂമിയിൽ പലരും പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്. പലരും അൻപതിനായിരം രൂപ മുതൽ ഒരുലക്ഷം വരെ വായ്പയുമെടുത്തിട്ടുണ്ട്. വായ്പയെടുത്തതുക ഇതുവരെ ഒരു കർഷകനും അടയ്ക്കാൻ കഴിഞ്ഞിട്ടില്ല.

രണ്ടര ഏക്കറിൽ മരച്ചീനികൃഷി നടത്തുന്ന കർഷകന് പാട്ടത്തുകയായി ഒരുവർഷം രണ്ട് ലക്ഷം രൂപവരെ വേണ്ടിവരുന്നു.

പാട്ടത്തുക കൊടുത്തശേഷം ഏകദേശം ഒരു ലക്ഷത്തോളം രൂപ ലാഭമുണ്ടാക്കാൻ മുമ്പു കഴിയുമായിരുന്നു.

എന്നാൽ, ഇപ്പോഴുള്ള സ്ഥിതി ദയനീയമാണ്. പ്രദേശത്തെ വാഴകളിലും ഇത്തരം രോഗം കണ്ടുതുടങ്ങിയതായാണ് കർഷകർ പറയുന്നത്. ചില സ്ഥലങ്ങളിലെ വാഴകളുടെ മൂട് അഴുകിത്തുടങ്ങിയിട്ടുണ്ട്.

▶ വെങ്ങാനൂർ ഏലായിലെ മരച്ചീനിക്കൃഷി

▶ കേന്ദ്ര കിഴങ്ങുഗവേഷണ കേന്ദ്രത്തിൽനിന്നു പുതുതായി നൽകിയ ശ്രീരക്ഷയുടെ മരച്ചീനിക്കമ്പു നട്ടുപിടിപ്പിച്ചിരിക്കുന്നു

▶ അഞ്ചുമാസം പ്രായമായ കിഴങ്ങ് വിളവെടുത്തപ്പോൾ അഴുകിയനിലയിൽ

പഠനങ്ങൾ നടക്കുന്നു

വെങ്ങാനൂർ ഏലാപ്രദേശത്തെ മരച്ചീനിക്കൃഷിയിൽ കണ്ടുവരുന്നത് പുതിയതരം ഒരു ഫംഗസ് രോഗമാണ്. മണ്ണുപരിശോധന ഉൾപ്പെടെ പഠനങ്ങൾ നടന്നുവരുന്നു. ശ്രീരക്ഷ, എന്ന പേരിലുള്ള പുതിയ ഇനം മരച്ചീനിക്കമ്പ് ഇപ്പോൾ വിതരണം ചെയ്തിട്ടുണ്ട്. ഇവ മരുന്നിൽ മുക്കി വെച്ചതിനുശേഷമാണ് നട്ടുപിടിപ്പിക്കുന്നത്.

ഡോ. ജി.ബൈജു,
പ്രിൻസിപ്പൽ സയന്റിസ്റ്റ്
(സി.ടി.സി.ആർ.ഐ. തിരുവനന്തപുരം)

ജനശബ്ദം

കനത്ത നഷ്ടം

കൃഷിക്ക് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് വലിയ നഷ്ടമാണ്. പഠനങ്ങൾ നടത്തി പരിഹാരം കണ്ടില്ലെങ്കിൽ കർഷകർ കൂടുതൽ ദുരിതത്തിലാകും.

സുരേഷ്കുമാർ,
ഭഗവതിനട മരച്ചീനിക്കർഷകൻ

ഇടപെടലുകൾ വേണം

പാട്ടക്കരാറിലാണ് ഭൂരിഭാഗം കർഷകരും ഇവിടെ കൃഷി നടത്തുന്നത്. സർക്കാരിൽനിന്ന് അടിയന്തരമായ ഇടപെടലുകൾ വേണ്ടിവന്നാൽ മാത്രമേ ശാശ്വതപരിഹാരം കാണാൻ സാധിക്കൂ.

വി.കെ.ശിവകുമാർ,
മരച്ചീനിക്കർഷകൻ

വഴിമുട്ടി

മരച്ചീനിക്കൃഷിയാണ് ഏക ആശ്രയമായിരുന്നത്. പ്രളയകാലത്തുപോലും മരച്ചീനിക്കൃഷിക്ക് ഒന്നും സംഭവിച്ചില്ല. ഇപ്പോഴുള്ള ഈ സ്ഥിതി തുടർന്നാൽ പട്ടിണിയാകും.

എസ്.ദിലീപ്,
മരച്ചീനിക്കർഷകൻ